സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 24.09.2024

നമ്പർ. B1/5054/19/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതികം -വിദ്യാഭ്യാസം-സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഉള്ള പലിശ സബ്സിഡിയോടെയുള്ള ഭവന നിർമ്മാണ വായ്പാ പദ്ധതിയുടെ അപേക്ഷ സംബന്ധിച്ച്

സൂചന :- 1. സർക്കാർ ഉത്തരവ് (അച്ചടി) നം.105/2018/ധന/ തീയതി:05.07.2018
2. സർക്കാർ ഉത്തരവ് (അച്ചടി) നം.143/2018/ധന/ തീയതി:11.09.2018
3. 18.01.2019 ലെ 06/2019/ധന നമ്പരായുള്ള സർക്കാർ പരിപത്രം.

സർക്കാർ ജിവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ / LIC - HFL,DHFL തുടങ്ങിയ നോൺ ബാങ്കിങ്ങ് ഫിനാൻസ് കോർപ്പറേഷനുകൾ വഴി നൽകുന്നതിന് സൂചന (1) & (2) ഉം പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സൂചന (3) ലെ ഖണ്ഡിക 1 പ്രകാരം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഭവന വായ്പയ്ക്കു വേണ്ടി അപേക്ഷിക്കുന്ന ജീവനക്കാർ ,ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ ഡിഡിഒ മാരിൽ നിന്നും NOC വാങ്ങി ബാങ്കിങ്ങ്/ ധനകാര്യസ്ഥാപനങ്ങളിൽ സമർപ്പിക്കേണ്ടതും,വായ്പ അനുവദിച്ച് കഴിഞ്ഞാൽ അനുവദിച്ച വായ്പ തുക, പലിശ നിരക്ക്, EMI തുടങ്ങുന്ന തീയതി, അവസാനിക്കുന്ന തീയതി, വായ്പ കാലാവധി, EMI തുകയും തവണയും തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളുന്ന വായ്പ അനുമതിപത്രം ബാങ്കിൽ നിന്നും വാങ്ങി ബന്ധപ്പെട്ട ഡിഡിഒ യ്ക്ക് നല്കേണ്ടതുമാണ്. **.ഡിഡിഒമാർ പ്രസ്തുത വായ്പ അനുമതിപത്രം സഹിതം പലിശ സബ്സിഡിയ്ക്ക് ധനകാര്യ വകുപ്പിലേക്ക് ശുപാർശ ചെയ്യേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ** ഭവന നിർമ്മാണ വായ്പ തിരിച്ചടവ് സംബന്ധിച്ച് ബാങ്കുകൾ ബന്ധപ്പെട്ട ഡി.ഡി.ഒമാർക്ക് നൽകുന്ന വാർഷിക റിപ്പോർട്ട് ഡി.ഡി.ഒ.മാർ ധനകാര്യ വകുപ്പിലേക്ക് അയച്ചുകൊടുക്കേണ്ടതുണ്ട് ഈ സാഹചര്യത്തിൽ ധനകാര്യ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന വായ്പ അനുമതിപത്രവും വാർഷിക റിപ്പോർട്ടും,പലിശ സബ്സിഡിക്കായുള്ള ശിപാർശ സഹിതം നേരിട്ട് ഡി.ഡി.ഓ മാർ സർക്കാരിലേക്ക് അയക്കേണ്ടതും ,ടി വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

അജയാനന്ദ് എ
സീനിയർ ഫിനാൻസ് ആഫീസർ

സ്വീകർത്താവ്

ഈ വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനമേധാവികൾക്കും

Approval Valid

Digitally Approved By
അജയാനന്ദ് എ
Date: 24.09.2024
Reason: Approved

The document is digitally approved. Hence signature is not needed.

Draft #17 of File B1/5054/19/DTE Approved by Senior Finance Officer on 24-Sep-2024 12:33 PM - Page 1